മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 25

**വാർത്താക്കുറിപ്പ്**

---

## എം.ജി. സർവകലാശാലയിൽ അന്തർദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ ഗ്രൗണ്ട് ഒരുങ്ങുന്നു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ കായിക അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ആദ്യ ഘട്ടമായി അന്തർദേശീയ നിലവാരത്തിലുള്ള നാച്വറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടിൻറെ നിർമാണത്തിന് തുടക്കമായി. പ്രോ-വൈസ് ചാൻസലർ സി.ടി. അരവിന്ദകുമാർ നിർമാണോദ്ഘാടനം നിർവഹിച്ചു.

സംസ്ഥാന സർക്കാരിൻറെ പ്ലാൻ ഫണ്ടിൽനിന്നും 2.74 കോടി രൂപ ചിലവിട്ട് നിർമിക്കുന്ന ഗ്രൗണ്ട് രണ്ടു ഘട്ടങ്ങളിലായാണ് പൂർത്തീകരിക്കുക. ഫ്ളഡ് ലൈറ്റിംഗ്, ഇന്റേണൽ ഡ്രെയിനേജ്, ആധുനിക സ്പ്രിങ്ക്ളറുകൾ തുടങ്ങിയവ ഇവിടെയുണ്ടാകും. സ്പോർട്സ് കേരള ഫൗണ്ടേഷനാണ് നിർമാണച്ചുമതല.

നിർമാണോദ്ഘാടനച്ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, പ്രഫ. പി. ഹരികൃഷ്ണൻ, ഡോ. എ. ജോസ്, ഡോ. എസ്. ഷാജില ബീവി, ഡോ. ആർ. അനിത, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. ബിനു ജോർജ്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൻ.ജെ. നെജിത തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്തർദേശീയ നിലവാരത്തിലുള്ള നാച്ചറൽ ടർഫ് ഫുട്ബോൾ ഗ്രൗണ്ടിൻറെ നിർമാണം പ്രോ -വൈസ് ചാൻസലർ സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1660/2022)

## പെൻഷൻകാരുടെ അന്തിമ ആദായ നികുതി കണക്ക് ഡിസംബർ 20ന് മുൻപ് സമർപ്പിക്കണം

മഹാത്മാഗാന്ധി സർവകലാശാലയിലെ പെൻഷൻകാരുടെ 2022-2023 സാമ്പത്തിക വർഷത്തെ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ആദായ നികുതി കണക്കാക്കുന്നതിനുള്ള അന്തിമ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം സർവകലാശാല വെബ്സൈറ്റിലെ Circular എന്ന ലിങ്കിലും പെൻഷനേഴ്സ് പോർട്ടലിലും ലഭിക്കും.

പെൻഷൻകാർ ഈ ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി നടപ്പ സാമ്പത്തിക വർഷത്തെ സേവിംഗ്സ് സംബന്ധിച്ച കണക്കുകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686560 എന്ന വിലാസത്തിൽ ഡിസംബർ 20 ന് മുൻപ് അയക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1661/2022)

## പ്രാക്ടിക്കൽ, വൈവ വോസി

നാലാം വർഷ ബി.പി.റ്റി. (2014 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെൻററി, 2008 മുതൽ 2013 വരെ അഡ്മിഷൻ മെഴ്സി ചാൻസ് - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷ ഡിസംബർ ഒന്നു മുതൽ എസ്.എം.ഇ. അങ്കമാലി സെൻററിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

--------------------------------

അഞ്ചാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2019 അഡ്മിഷൻ റെഗുലർ/ 2016-2018 അഡ്മിഷൻ സപ്ലിമെന്ററി-നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ പരീക്ഷ ഡിസംബർ ഏഴിന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ

--------------------------------

മൂന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ്, ഫാഷൻ ടെക്നോളജി, ഫാഷൻ ടെക്നോളജി ആന്റ് മർച്ചന്റൈസിംഗ് ഡിഗ്രി പരീക്ഷകൾ (2020 അഡ്മിഷൻ റെഗുലർ, 2019, 2018 അഡ്മിഷനുകൾ ന്യൂ സ്കീം റീ അപ്പിയറൻസ്/ഇംപ്രൂവ്മെന്റ് -സെപ്റ്റംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും.

വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1662/2022)

## ടൈം ടേബിൾ പരിഷ്ക്കരിച്ചു

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷൻ റീ-അപ്പിയറൻസ്), സൈബർ ഫോറെൻസിക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ റീ-അപ്പിയറൻസ്-നവംബർ 2022) ബിരുദ പരീക്ഷയോടൊപ്പം കമ്പ്യൂട്ടർ സെക്യൂരിറ്റി, ഇൻട്രൊഡക്ഷൻ ടു പ്രിൻസിപ്പിൾ ഓഫ് ടൂറിസം എന്നീ പേപ്പറുകൾ കൂടി ഉൾപ്പെടുത്തി. ഡിസംബർ 19 നാണ് പരീക്ഷ.

(പി.ആർ.ഒ./39/1663/2022)

## പരീക്ഷാഫലം

കഴിഞ്ഞ ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ്. സ്പെഷ്യൽ എഡ്യുക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി റെഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഡിസംബർ ഒൻപതു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

...................................

ഈ വർഷം ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.ടി.ടി.എം. (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി,ഇംപ്രൂവ്മെൻറ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ ആറു വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1664/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**